നം. സി.ഇ.ഇ./2424/09/KEAM-2010/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>പത്രക്കുറിപ്പ്</u>

# ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനം - 2010

കേരളത്തിലെ വിവിധ പ്രൊഫഷണൽ ഡിഗ്രി (മെഡിക്കൽ/എൻജിനീയറിംഗ്) കോഴ്സ് പ്രവേശനത്തോടൊപ്പംതന്നെ ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനവും നടക്കുന്നതാണ്. എന്നാൽ ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനത്തിന് സംസ്ഥാനതലത്തിൽ പ്രവേശന പരീക്ഷ നടത്തുന്നതല്ല.

5 വർഷം കാലയളവുള്ള ആർക്കിടെക്ച്ചർ ബിരുദ കോഴ്സ് നടത്തുന്ന കേരളത്തിലെ പ്രൊഫഷണൽ കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. കോളേജ് ഓഫ് എൻജിനീയറിംഗ്, ശ്രീകാര്യം, തിരുവനന്തപുരം (സർക്കാർ)
2. ഗവണ്മെന്റ് എൻജിനീയറിംഗ് കോളേജ്, തൃശൂർ (സർക്കാർ)
3. ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം (എയിഡഡ്)
4. എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ്, കുറ്റിപ്പുറം, മലപ്പുറം (സ്വകാര്യ സ്വാശ്രയ കോളേജ്)

**<u>അപേക്ഷിക്കേണ്ട വിധം</u>** : കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള അപേക്ഷാ ഫാറത്തിൽത്തന്നെയാണ് അപേക്ഷിക്കേണ്ടത്. പ്രസ്തുത ഫാറത്തിൽ മെഡിക്കൽ/എൻജിനീയറിംഗ്/ആർക്കിടെക്ച്ചർ എന്നിവയിൽ ഒന്നോ അതിലധികമോ സ്ട്രീമുകൾ മാർക്ക് ചെയ്യാവുന്നതാണ്. ആർക്കിടെക്ച്ചറിന് മാത്രമായി അപേക്ഷിക്കുന്നവർ അത് മാത്രമായി അടയാളപ്പെടുത്തുക. അപേക്ഷാ ഫാറം തെരഞ്ഞെടുത്ത പോസ്റ്റ് ഓഫീസുകളിൽ **06.01.2010** വരെ ലഭിക്കുന്നതാണ്.

സംവരണ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാത്ത/അർഹരല്ലാത്ത വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| **<u>അപേക്ഷാ ഫീസ്</u>** : | **ജനറൽ വിഭാഗം** | - | **700/- രൂപ** |
| | **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം** | - | **350/- രൂപ** |

<u>കുറിപ്പ്</u> : **പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) വരുന്ന അപേക്ഷാർത്ഥികൾക്ക്, അവരുടെ വാർഷിക കുടുംബ വരുമാനം 40,000/- രൂപയിൽ താഴെയാണെങ്കിൽ അപേക്ഷാ ഫാറം സൗജന്യമായിരിക്കും. ഈ ആനുകൂല്യത്തിനായി വിദ്യാർത്ഥികൾ പട്ടികവർഗ്ഗ വികസന ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.**

മെഡിക്കൽ/എൻജിനീയറിംഗ് കോഴ്സുകൾക്കുപുറമേ ആർക്കിടെക്ച്ചറിനും അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഒരു അപേക്ഷ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചാൽ മതിയാകുന്നതാണ്. അപേക്ഷകൾ **06.01.2010** നു വൈകുന്നേരം 5 മണിക്ക് മുമ്പായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001** എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

<u>വിദ്യാഭ്യാസ യോഗ്യത</u> : ആർക്കിടെക്ച്ചർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ, മാത്തമാറ്റിക്സ് ഒരു വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള സീനിയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യ പരീക്ഷയോ ജയിച്ചിരിക്കണം. അല്ലെങ്കിൽ, കേന്ദ്ര സർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50% മാർക്കോടെ പാസ്സായിരിക്കണം. അല്ലെങ്കിൽ പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസ്സായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ. ഇതിനു പുറമെ **NATA** (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിൽ **40% സ്കോർ (200ൽ 80 മാർക്ക്)** നേടിയിരിക്കണം. ആർക്കിടെക്ച്ചർ കോഴ്സിന് അപേക്ഷിക്കുന്ന സംവരണ പരിധിയിൽ വരുന്ന വിദ്യാർത്ഥികളും **(SC/ST/SEBC) NATAയിൽ 40% സ്കോർ** നേടിയിരിക്കണം. (കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ (COA) നിബന്ധന പ്രകാരം)

NATA പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങിയ ബ്രോഷറും അപേക്ഷാ ഫാറവും www.nata.in, www.niasa.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ, **കോളേജ് ഓഫ് എൻജിനീയറിംഗ്, ശ്രീകാര്യം, തിരുവനന്തപുരം; ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ്, തൃശൂർ; ടി.കെ.എം. എൻജിനീയറിംഗ് കോളേജ്, കൊല്ലം; എം.ഇ.എസ്. എൻജിനീയറിംഗ് കോളേജ് കുറ്റിപ്പുറം, മലപ്പുറം** എന്നീ കോളേജുകളുമായി ബന്ധപ്പെടാവുന്നതാണ്.

യോഗ്യതാ പരീക്ഷയുടെ (പ്ലസ് ടു/തത്തുല്യം) യും NATA യുടെ സ്കോറിനും തുല്യപ്രാധാന്യം നൽകിയാണ് ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ആയതിനാൽ ആർക്കിടെക്ച്ചർ കോഴ്സിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റേയും, NATA സ്കോർ കാർഡിന്റേയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **05.06.2010** ന് മുൻപായി നൽകിയിരിക്കണം. ഇവ നൽകാത്തവരെ യാതൊരു കാരണവശാലും ബി.ആർക്ക്. (ആർക്കിടെക്ച്ചർ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം
09.12.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**